**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1051** **30-06-2022 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ ജലജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ മിഷൻ പ്രകാരം വാമനപുരം മണ്ഡലത്തിൽ ഇതേവരെ എത്ര കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ; | (എ) | വാമനപുരം മണ്ഡലത്തിൽ ജല ജീവൻ മിഷൻ പദ്ധതി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് അനുബന്ധം (1) ആയി ചേർക്കുന്നു. |
| (ബി) | ഏതെല്ലാം പദ്ധതികളാണ് ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ തുടർന്ന് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | വാമനപുരം നിയോജക മണ്ഡലത്തിലെ വാമനപുരം, നെല്ലനാട് പഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കുന്നതിനായി ജല ജീവൻ മിഷനിലുൾപ്പെടുത്തി നെല്ലനാട് വാമനപുരം മാണിക്കൽ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കി വരുന്നു. വാമനപുരം നിയോജക മണ്ഡലത്തിലെ ആനാട്, നന്നിയോട് പഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കുന്നതിനായി ആനാട്, കുറുപുഴ, പാലോട് വില്ലേജുകൾക്കു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ ഒന്നാം ഘട്ടമായി എൻ.ആർ.ഡി.ഡബ്ല്യൂ.പി. പദ്ധതി പ്രകാരം 15 കോടി രൂപയുടെയും, രണ്ടാം ഘട്ടമായി സ്റ്റേറ്റ് പ്ലാൻ പദ്ധതി പ്രകാരം 18 കോടി രൂപയുടെയും ഭരണാനുമതി നല്കിയിരുന്നു. ടി പദ്ധതിയുടെ മൂന്നാം ഘട്ടമായി ആനാട്, നന്നിയോട് പഞ്ചായത്തുകളിലെ മുഴുവൻ പ്രദേശത്തും കുടിവെള്ളമെത്തിക്കുന്നതിനായി ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കുകയും പ്രവർത്തികൾ പുരോഗമിക്കുകയുമാണ്. വാമനപുരം നിയോജക മണ്ഡലത്തിലുൾപ്പെട്ട പെരിങ്ങമ്മല പഞ്ചായത്തിൽ ശുദ്ധജല വിതരണം നടത്തുന്നതിനായി ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പെരിങ്ങമ്മല പഞ്ചായത്തിനു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. |
| (സി) | ഇതനുസരിച്ച് ഓരോ പഞ്ചായത്തിലും എത്ര കുടിവെള്ള കണക്ഷനുകൾ നൽകാൻ കഴിയുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | വാമനപുരം മണ്ഡലത്തിലെ 9 പഞ്ചായത്തുകളിലായി 64265 ഗാർഹിക കണക്ഷനുകൾക്കായി 379.67 കോടി രൂപയുടെ ഭരണാനുമതിയാണ് നല്കിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | 2024-ഓടു കൂടി, ഭരണാനുമതി നല്കിയ എല്ലാ കണക്ഷനുകളും നൽകുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. വാമനപുരം മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് അനുബന്ധം (2) ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം(1)</u>**

| ക്രമ നമ്പർ | പഞ്ചായത്ത് | ഗാർഹിക വീട്ടുകളുടെ എണ്ണം | 01.04.2020 വരെ നിലവിലുണ്ടായിരുന്ന കണക്ഷനുകളുടെ എണ്ണം | ഭരണാനുമതി നല്കിയ കുടിവെള്ള കണക്ഷനുകളുടെ എണ്ണം | ഭരണാനുമതി തുക (ലക്ഷത്തിൽ) | 1/4/2020 മുതൽ ഇത് വരെ നൽകിയ കണക്ഷനുകളുടെ എണ്ണം (23.06.2022 വരെ) | ഇപ്പോൾ നിലവിലുള്ള ആകെ കണക്ഷൻ (23/6/2022 ലെ കണക്കനുസരിച്ച്) |
|---|---|---|---|---|---|---|---|
| 1 | ആനാട് | 8801 | 387 | 9014 | 4645.20 | 881 | 1268 |
| 2 | കല്ലറ | 8951 | 3393 | 5558 | 2469.49 | 2375 | 5768 |
| 3 | നന്നിയോട് | 8842 | 566 | 8276 | 2720.90 | 1631 | 2197 |
| 4 | നെല്ലനാട് | 7794 | 2872 | 4922 | 2667.21 | 474 | 3346 |
| 5 | പനവൂർ | 7303 | 1250 | 6053 | 2475.13 | 3454 | 4704 |
| 6 | പാങ്ങോട് | 9718 | 973 | 8745 | 4400.99 | 2338 | 3311 |
| 7 | പെരിങ്ങമല | 8538 | 361 | 8310 | 12456.68 | 801 | 1162 |
| 8 | പുല്ലമ്പാറ | 7380 | 1381 | 5999 | 2445.24 | 3029 | 4410 |
| 9 | വാമനപുരം | 8283 | 895 | 7388 | 3686.26 | 1781 | 2676 |
| **ആകെ** | | **75610** | **12078** | **64265** | **37967** | **16764** | **28842** |

**അനുബന്ധം (2)**

| ക്രമ നമ്പർ | പഞ്ചായത്ത് | ഭരണാനുമതി നല്കിയ കുടിവെള്ള കണക്ഷനു കളുടെ എണ്ണം | 1/4/2020 മുതൽ ഇത് വരെ നൽകിയ കണക്ഷനു കളുടെ എണ്ണം (23.06.2022 വരെ) | 2024-ഓടു കൂടി നൽകുവാൻ ലക്ഷ്യമിട്ടിരിക്കുന്ന തിൽ ഇനി നല്കേണ്ട കുടിവെള്ള കണക്ഷനുകളുടെ എണ്ണം |
|---|---|---|---|---|
| 1 | ആനാട് | 9014 | 881 | 8133 |
| 2 | കല്ലറ | 5558 | 2375 | 3183 |
| 3 | നന്നിയോട് | 8276 | 1631 | 6645 |
| 4 | നെല്ലനാട് | 4922 | 474 | 4448 |
| 5 | പനവൂർ | 6053 | 3454 | 2599 |
| 6 | പാങ്ങോട് | 8745 | 2338 | 6407 |
| 7 | പെരിങ്ങമല | 8310 | 801 | 7509 |
| 8 | പുല്ലമ്പാറ | 5999 | 3029 | 2970 |
| 9 | വാമനപുരം | 7388 | 1781 | 5607 |
| **ആകെ** | | **64265** | **16764** | **47501** |